LIBRARY ARCHIVES Kerala Legislative Assembly

(ബി) ആയതിന്റെ വിശദവിവരങ്ങൾ നൽകാമോ?

കൈപ്പമ്പുകളുടെ അറ്റകുറ്റപ്പണി സംബന്ധിച്ച വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു.

1. ആനാട് ഗ്രാമപഞ്ചായത്ത് - 27 എണ്ണം

2. നന്ദിയോട് ഗ്രാമപഞ്ചായത്ത് - 18 എണ്ണം

3. പനവൂർ ഗ്രാമപഞ്ചായത്ത് - 25 എണ്ണം

(സി) ഇവ ഉപയോഗപ്രദമാക്കി സംരക്ഷിക്കാൻ വേണ്ട നടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

ലഭ്യമായ പ്രൊപ്പോസലുകളിൽ തുടർനടപടി സ്വീകരിച്ചുവരുന്നു.

ഭൂഗർഭ ജലനിരപ്പ്

191(5638) ശ്രീ. കെ. ജെ. മാക്സി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഭൂഗർഭ ജലനിരപ്പ് സന്തുലനാവസ്ഥയിൽ എത്തിച്ച് ജലസംരക്ഷണവും പരിസ്ഥിതി സന്തുലനാവസ്ഥയും ഉറപ്പുവരുത്താനും അതിലൂടെ അന്തരീക്ഷ ഊഷ്മാവ് വർദ്ധിക്കാതെ സംരക്ഷിക്കാനുമായി നടത്തിവരുന്ന പ്രധാന പ്രവർത്തനങ്ങൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ?

സംസ്ഥാനത്ത് ഭൂഗർഭ ജലനിരപ്പ് സന്തുലനാവസ്ഥയിൽ എത്തിക്കുന്നതിന്റെ ഭാഗമായി സുസ്ഥിര ഭൂജല ലഭ്യത ഉറപ്പുവരുത്തുന്നതിന് ഭൂജല സംരക്ഷണവും സംപോഷണവുമെന്ന പ്ലാൻ പദ്ധതി ഭൂജലവകുപ്പ് നടപ്പിലാക്കിവരുന്നു. തുറന്ന കിണർ/റീചാർജ്ജ് പിറ്റ്/കുഴൽക്കിണർ വഴിയുള്ള ഭൂജല സംപോഷണം, മൈക്രോ വാട്ടർ ഷെഡ് അടിസ്ഥാനത്തിൽ ചെറിയ തടയണകൾ, അടിയണകൾ, എന്നിവയുടെ നിർമ്മാണം, ചെറിയ കുളങ്ങളുടെ പുനരുജ്ജീവനം (0.1 ഹെക്ടറിൽ താഴെയുള്ളത്) എന്നിവ പ്രസ്തുത പദ്ധതിയിൻകീഴിൽ വകുപ്പ് അവലംബിച്ചുവരുന്നു. കെ.ആർ.ഡബ്ല്യു.എസ്.എ.-യുടെ ഭാഗമായ മഴകേന്ദ്രം വ്യക്തിഗത കുടുംബങ്ങളുടെ തുറന്ന കിണറുകൾ പൂരപ്പുറ മഴവെള്ള സംഭരണം വഴി റീചാർജ് ചെയ്ത് കിണറുകളുടെ സുസ്ഥിരത ഉറപ്പുവരുത്താനും അതുവഴി ഒരുപരിധി വരെ ഭൂഗർഭ ജലവിതാനം ഉയർത്തുന്നതിനുമുള്ള പ്രവൃത്തികൾ നടപ്പാക്കുന്നുണ്ട്. മേൽക്കൂരയിൽ പതിക്കുന്ന വെള്ളം പൈപ്പുകളിലൂടെ ശേഖരിച്ച് ഫിൽറ്റർ സംവിധാനത്തിലൂടെ ശുദ്ധീകരിച്ച് തുറന്ന കിണറുകളിലേയ്ക്ക് കടത്തിവിടുന്നു. ഇപ്രകാരം ദീർഘകാലം ചെയ്യുന്നതിലൂടെ കിണറുകളിലെ ജലവിതാനം ക്രമേണ ഉയരുകയും

LIBRARY ARCHIVES Kerala Legislative Assembly

സ്രോതസ്സുകളിൽനിന്നും ജലം സ്ഥായിയായി ലഭിക്കുന്നതിന് അവസരം ലഭിക്കുകയും ചെയ്യുന്നു. കഴിഞ്ഞ രണ്ട് സാമ്പത്തിക വർഷങ്ങളിലായി അനുവദിച്ച 15 ഗ്രാമപഞ്ചായത്തുകളിലെ 7594 കുടുംബങ്ങളിലെ തുറന്ന കിണറുകൾ മഴവെള്ളം ശേഖരിച്ച് റീചാർജ്ജ് ചെയ്യുന്ന പ്രവർത്തനങ്ങൾ വിവിധ ഘട്ടങ്ങളിൽ പുരോഗമിച്ചുവരികയാണ്. കൂടാതെ നടപ്പുസാമ്പത്തിക വർഷം 5 ഗ്രാമപഞ്ചായത്തുകളിലെ 1000 കുടുംബങ്ങളിലെ തുറന്ന കിണറുകൾ റീചാർജ് ചെയ്യുന്ന പ്രവർത്തിക്കും ഭരണാനുമതി നൽകിയിട്ടുണ്ട്. ഇപ്രകാരമുള്ള ചെറിയ ജലസംരക്ഷണ പ്രവർത്തനങ്ങളിലൂടെ ഭൂഗർഭ ജലനിരപ്പ് ഉയർത്തുവാൻ KRWSA-യുടെ മഴകേന്ദ്രത്തിന്റെ പ്രവർത്തനങ്ങൾ സഹായകരമാകുന്നുണ്ട്.

(ബി) ഇതിന്റെ ഭാഗമായി എറണാകുളം ജില്ലയിൽ നടത്തിവരുന്ന പ്രധാന പ്രവർത്തനങ്ങൾ എന്തെല്ലാമെന്നും ജില്ലയിലെ ഭൂഗർഭ ജലനിരപ്പ് സംബന്ധിച്ച വിശദാംശങ്ങളും വ്യക്തമാക്കുമോ?

നടപ്പുസാമ്പത്തികവർഷം (2021-22) ഭൂജല സംരക്ഷണവും സംപോഷണവും പദ്ധതിയിൽ ഉൾപ്പെടുത്തി എറണാകുളം ജില്ലയിലെ വിവിധ പഞ്ചായത്തുകളിലായി 38 എണ്ണം റീചാർജ്ജ് പിറ്റ് പദ്ധതികൾ വഴിയുള്ള തുറന്ന കിണർ പരിപോഷണത്തിനായി സാങ്കേതികാനുമതി നൽകിയിട്ടുണ്ട്. പദ്ധതികളുടെ പ്രവർത്തനങ്ങൾ പുരോഗമിച്ചുവരുന്നു. കൂടാതെ 30 എണ്ണം പദ്ധതികൾ നടപ്പിലാക്കുന്നതിനുള്ള പ്രൊപ്പോസൽ തയ്യാറാക്കിയിട്ടുണ്ട്. ഭൂജലവകുപ്പ് എറണാകുളം ജില്ലയിലെ വിവിധ പ്രദേശങ്ങളിൽ സ്ഥാപിച്ചിട്ടുള്ള 63 എണ്ണം നിരീക്ഷണ കിണറുകളിൽ നിന്നുമുള്ള (38 തുറന്ന കിണറുകൾ, 25 കുഴൽക്കിണർ) ജലനിരപ്പ് മാസംതോറും ശേഖരിച്ച് പഠന വിധേയമാക്കിവരുന്നു. ഏപ്രിൽ 2021-ലെ ജലവിതാനം ദശാബ്ദ ശരാശരിയുമായി (2011-2021) താരതമ്യം ചെയ്തതിൽനിന്നും 30% കുഴൽക്കിണറുകളിലും 18% തുറന്ന കിണറുകളിലും മാത്രമാണ് ഭൂജല വിതാനത്തിൽ നേരിയ കുറവ് രേഖപ്പെടുത്തിയിട്ടുള്ളത്. കെ.ആർ.ഡബ്ല്യു.എസ്.എ.-യുടെ ഭാഗമായ മഴകേന്ദ്രം സംസ്ഥാന സർക്കാരിന്റെ പ്ലാൻ പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കുന്ന 'മഴവെള്ള സംഭരണം - ഭൂജല പരിപോഷണം' പരിപാടിയിലൂടെ ഭൂഗർഭ ജലനിരപ്പ് ഉയർത്തുന്നതിന് സഹായകരമായ കിണർ റീചാർജ്ജിംഗ് പദ്ധതി നടപ്പിലാക്കിവരുന്നു. എറണാകുളം ജില്ലയിലെ ആമ്പല്ലൂർ ഗ്രാമപഞ്ചായത്തിൽ 850 കുടുംബങ്ങളിലെ തുറന്ന കിണർ മേൽക്കൂരയിൽ വീഴുന്ന മഴവെള്ളം പാത്തി, പൈപ്പ് ഉപയോഗിച്ച് ശേഖരിക്കുകയും ഫിൽറ്റർ സംവിധാനത്തിലൂടെ കടത്തിവിട്ട് ശുദ്ധീകരിച്ച് റീചാർജ്ജ് ചെയ്യുന്നതുമായ പദ്ധതി പൂർത്തീകരണ ഘട്ടത്തിലാണ്. പ്രസ്തുത പദ്ധതി ദീർഘകാലം നടപ്പിലാക്കുന്നതിലൂടെ കിണറുകളുടെ ജലവിതാനം ഉയർത്തുന്നതിനും സ്ഥായിയായി ജലം ലഭിക്കുന്നതിനും സഹായകരമാകുന്നു. ഈ പദ്ധതി കുടിവെള്ള ക്ഷാമം പരിഹരിക്കുന്നതിന് ഏറെ പ്രയോജനം ചെയ്യുമെന്ന് ശാസ്ത്രീയമായി തെളിയിക്കപ്പെട്ടിട്ടുണ്ട്.